# വരൾച്ച വിലയിരുത്താൻ കൃഷി, റവന്യു മന്ത്രിമാർ ജില്ലകളിലേക്ക്

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം ● വരൾച്ച രൂക്ഷമാകുന്ന സാഹചര്യത്തിൽ റവന്യു, കൃഷി മന്ത്രിമാർ 14 ജില്ലകളിലുമെത്തി സ്ഥിതി വിലയിരുത്താൻ മന്ത്രിസഭാ തീരുമാനം. വരൾച്ച നേരിടുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യുന്നതിനായി ഇന്നു ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് കലക്ടർമാരുമായി വിഡിയോ കോൺഫറൻസ് നടത്തും.

കൃഷിനാശം വിലയിരുത്തുന്നതിനും ശുദ്ധജല പ്രശ്നത്തിനു പരിഹാരം കാണുന്നതിനുമാണു മന്ത്രിമാർ ജില്ലകൾ സന്ദർശിക്കുന്നത്. ഈ മാസം അവസാനവും അടുത്ത മാസം ആദ്യവുമായി ഇതു പൂർത്തിയാക്കും. ജില്ലകളിൽ വരൾച്ച നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാനായി മന്ത്രിമാരെ ചുമതലപ്പെടുത്തി. ജില്ലയും ചുമതലയുള്ള മന്ത്രിമാരും. തിരുവനന്തപുരം- കടകംപള്ളി സുരേന്ദ്രൻ, കൊല്ലം-ജെ.മേഴ്സിക്കുട്ടിയമ്മ, പത്തനംതിട്ട-മാത്യു ടി.തോമസ്, ആലപ്പുഴ-ജി.സുധാകരൻ, ഇടുക്കി-എം.എം.മണി, കോട്ടയം-കെ.രാജു, എറണാകുളം-സി.രവീന്ദ്രനാഥ്, തൃശൂർ-എ.സി.മൊയ്തീൻ, മലപ്പുറം-കെ.ടി.ജലീൽ, കോഴിക്കോട്-ടി.പി.രാമകൃഷ്ണൻ, പാലക്കാട്-എ.കെ.ബാലൻ, വയനാട്-എ.കെ.ശശീന്ദ്രൻ, കണ്ണൂർ-കെ.കെ.ശൈലജ, കാസർകോട്-ഇ.ചന്ദ്രശേഖരൻ.

വരൾച്ച കുറെക്കൂടി രൂക്ഷമായശേഷം കേന്ദ്ര സംഘത്തെ അയയ്ക്കുന്നതിന് ആവശ്യപ്പെട്ടാൽ മതിയെന്നാണു തീരുമാനം. ഇപ്പോൾ കേന്ദ്രസംഘം വന്നാൽ സ്ഥിതി അത്ര ഗുരുതരമല്ലെന്നു റിപ്പോർട്ട് നൽകാൻ സാധ്യതയുണ്ട്. സംസ്ഥാനത്തു കഴിഞ്ഞ ജൂൺ മുതൽ സെപ്റ്റംബർ വരെ കാലവർഷത്തിൽ 35% കുറവാണ് ഉണ്ടായത്. ഒക്ടോബർ മുതൽ ഡിസംബർ വരെ ലഭിക്കേണ്ടിയിരുന്ന തുലാവർഷവും പ്രതീക്ഷിച്ചതിനെക്കാൾ 62% കുറവായിരുന്നു. ഈ സാഹചര്യത്തിലാണു കഴിഞ്ഞ ഒക്ടോബർ 28നു മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ദുരന്ത നിവാരണ അതോറിറ്റി യോഗം എല്ലാ ജില്ലകളെയും വരൾച്ച ബാധിതമായി പ്രഖ്യാപിച്ചത്. ദേശീയ ദുരന്ത നിവാരണ വ്യവസ്ഥകൾ അനുസരിച്ച് ഒക്ടോബർ അവസാനിക്കുന്നതിനു മുൻപ് വരൾച്ച പ്രഖ്യാപിക്കണമെന്നാണ്. തുടർന്നു കലക്ടർമാർക്ക് 26 ഇന മാർഗ നിർദേശ രേഖ നൽകി. ഭൂഗർഭ ജലത്തിന്റെ ഉപയോഗം 75% കുറയ്ക്കണമെന്നു ഭൂഗർഭ ജല വകുപ്പിനു നിർദേശം നൽകിയിട്ടുണ്ട്.

പാൽ ഉൽപാദനത്തിൽ ഉണ്ടാകാൻ സാധ്യതയുള്ള കുറവ് പരിഗണിച്ചു കന്നുകാലികൾക്കു ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്നതിനു മൃഗസംരക്ഷണ വകുപ്പുമായി ചേർന്നു കന്നുകാലി ക്യാംപുകൾ സംസ്ഥാനത്തുടനീളം ആരംഭിക്കും. ശുദ്ധജല കിയോസ്ക്കുകൾക്കു 20 കോടിയോളം രൂപ നീക്കി വച്ചിട്ടുണ്ട്. 11,210 ശുദ്ധജല കിയോസ്ക്കുകളാണു സ്ഥാപിക്കുക.